# പ്രാദേശിക കാർഷിക മേള – 2026 (കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശൂർ) അനുബന്ധിച്ചുള്ള വിനോദ പരിപാടികൾ നടത്തുന്നതിന് Expression of Interest (EOI) ക്ഷണിക്കുന്നു.

**1. ആമുഖം**

കേരള കാർഷിക സർവ്വകലാശാല (KAU), വെള്ളാനിക്കര മെയിൻ ക്യാമ്പസിൽ 2026 ഫെബ്രുവരി 17 മുതൽ 22 വരെ നടത്തപ്പെടുന്ന പ്രാദേശിക കാർഷിക മേള – 2026 നോട് അനുബന്ധിച്ചുള്ള വിനോദ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടത്തിപ്പിനുമായി താൽപര്യമുള്ള പരിചയസമ്പന്നമായ ഏജൻസികളിൽ നിന്നും Expression of Interest (EOI) ക്ഷണിക്കുന്നു.

മേളയുടെ പ്രവർത്തന സമയം രാവിലെ 9.00 മണി മുതൽ രാത്രി 10.00 മണി വരെ ആയിരിക്കും.

**2. പ്രവർത്തനങ്ങൾ**

പ്രാദേശിക കാർഷിക മേളയുടെ ഭാഗമായി ഫുഡ് കോർട്ട്, അമ്യൂസ്മെന്റ് റൈഡുകൾ, ഓപ്പൺ എയർ സാംസ്കാരിക / വിനോദ പരിപാടികൾ എന്നിവ അച്ചുതമേനോൻ മെമ്മോറിയൽ ബിൽഡിംഗിന് സമീപമുള്ള സ്റ്റേഡിയം പ്രദേശത്ത് സംഘടിപ്പിക്കേണ്ടതാണ്.

**Expression of Interest (EOI) അപേക്ഷകർ :**

- ഗവൺമെന്റ് സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, എൻ.ജി.ഒകൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ, ഇവന്റ് മാനേജ്മെന്റ് ഏജൻസികൾ എന്നിവയിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.
- കഴിഞ്ഞ 3 വർഷങ്ങളിൽ സമാന സ്വഭാവത്തിലുള്ള പൊതു ഇവന്റുകൾ / മേളകൾ (കുറഞ്ഞത് ₹25 ലക്ഷം അല്ലെങ്കിൽ അതിലധികം ചെലവുള്ള) നടത്തിയ അനുഭവം ഉണ്ടായിരിക്കണം.
- സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ, മുൻപരിചയ രേഖകൾ (അടങ്കൽ തുക ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ്,കരാർ പകർപ്പ്, പൂർത്തീകരണ സർട്ടിഫിക്കറ്റ്), ഉദ്ദേശിക്കുന്ന പ്രവർത്തന പദ്ധതി എന്നിവ Technical Bid നോടൊപ്പം സമർപ്പിക്കണം.
- ഗവൺമെന്റോ / അർദ്ധ സർക്കാർ സ്ഥാപനങ്ങളോ ബ്ലാക്ക് ലിസ്റ്റ് ചെയ്ത ഏജൻസികളെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

## 3. നടത്തുന്ന തീയതികൾ

| ഇനം | തീയതി |
|---|---|
| 1. പ്രസിദ്ധപ്പെടുത്തുന്നത്- | 08/01/2026 |
| 2. EOI സമർപ്പിക്കേണ്ട അവസാന തീയതി- | 15/01/2026, 5:00 pm |
| 3. EOI തുറക്കുന്ന തീയതി | 16/01/2026, 11:00 am |

## 4. അപേക്ഷകരുടെ തിരഞ്ഞെടുപ്പ്:

a) സർവ്വകലാശാല നിയോഗിക്കുന്ന കമ്മറ്റി അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ച ശേഷമാണ് തിരഞ്ഞെടുപ്പ്.
b) ടെക്നിക്കൽ ബിഡിൽ യോഗ്യത നേടിയ അപേക്ഷകരുടെ ഫിനാൻഷ്യൽ ബിഡ് മാത്രമേ പരിഗണിക്കുകയുള്ളൂ.
c) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ അധികാരങ്ങളും കേരള കാർഷിക സർവ്വകലാശാലയിൽ നിക്ഷിപ്തമാണ്.
d) ആവശ്യമായാൽ മേള നടക്കുന്ന സ്ഥലം സന്ദർശിക്കാൻ അവസരം നൽകുന്നതാണ്.

## 5. എഗ്രിമെന്റ്:

തിരഞ്ഞെടുക്കപ്പെടുന്നവർ പ്രവർത്തി ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ച് കാർഷിക സർവ്വകലാശാലയുമായി MOU യിൽ ഏർപ്പെടേണ്ടതാണ്.

## 6. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

a) Annexure – I ലുള്ള അപേക്ഷ
b) Annexure – II ലുള്ള അപേക്ഷ (ബന്ധപ്പെട്ട രേഖകൾ സഹിതം)
c) Technical Bid, Financial Bid എന്നിങ്ങനെ രണ്ട് സീൽഡ് കവറുകളിലായി സമർപ്പിക്കണം
d) കവറുകളിൽ യഥാക്രമം
"Technical Bid – പ്രാദേശിക കാർഷിക മേള 2026"
"Financial Bid – പ്രാദേശിക കാർഷിക മേള 2026"
എന്ന് രേഖപ്പെടുത്തണം
e) പുറം കവറിൽ
"പ്രാദേശിക കാർഷിക മേള – 2026 നടത്തിപ്പിനുള്ള EOI"
എന്ന് രേഖപ്പെടുത്തി താഴെക്കാണുന്ന വിലാസത്തിൽ സമർപ്പിക്കണം:
ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്
കേരള കാർഷിക സർവ്വകലാശാല
വെള്ളാനിക്കര (പി.ഒ), തൃശൂർ – 680656

**ടെക്നിക്കൽ ബിഡ്**

**നിലവിലുള്ള സൗകര്യങ്ങൾ (Annexure – IV)**

- സ്റ്റേഡിയം ഗ്രൗണ്ട് ( 29075 sqm)

**EOI ലഭിക്കുന്ന സ്ഥാപനം ഒരുക്കേണ്ട സൗകര്യങ്ങൾ**

1. സാംസ്കാരിക പരിപാടികൾ (സർവ്വകലാശാല കമ്മിറ്റിയുമായി ആലോചിച്ചു)
2. ഭക്ഷണസ്റ്റാളുകൾ (ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ച്)
3. അമ്യൂസ്മെന്റ് പാർക്ക് (നിയമാനുസൃതം)
4. ബയോ ടോയിലറ്റുകൾ (minimum 2 nos)
5. സുരക്ഷ (CCTV, ബാരിക്കേഡ്, സെക്യൂരിറ്റി ഗാർഡുകൾ)
6. മാലിന്യ നിർമ്മാർജ്ജനം (ഹരിത പ്രോട്ടോകോൾ)
7. ജലവിതരണം
8. LED Wall, ഓഡിയോ–വീഡിയോ റെക്കോർഡിംഗ്

**ചെയ്യേണ്ട പ്രവർത്തികളിൽ പാലിക്കപ്പെടേണ്ട നിർദേശങ്ങൾ**

Annexure – III റെഫർ ചെയ്യുക

**ഫിനാൻഷ്യൽ ബിഡ്:**

**ബഡ്ജറ്റ്:**

1. മേള നടത്തിപ്പിനുള്ള അടിസ്ഥാന വില: ₹5,00,000/- നിശ്ചയിച്ചിട്ടുള്ളത്.
2. EOI പ്രകാരം അംഗീകരിച്ച കരാർ തുക കരാറിലേർപ്പെട്ട് ഒരാഴ്ച്ക്കുള്ളിൽ അടച്ച് തീർക്കേണ്ടതാണ്. (GST പുറമേ)

**പ്രൊസസിംഗ് ഫീ:**

1. Expression of Interest (EOI) പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർ പ്രൊസസിംഗ് ഫീസായി (1,000/- + 18% GST) 1,180/- രൂപ സമർപ്പിക്കേണ്ടതാണ്. ഇത് **ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്, ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, കേരള കാർഷിക സർവ്വകലാശാല, SBI വെള്ളാനിക്കര ബ്രാഞ്ചിൽ (A/c No- 37494505584, IFSC-SBIN0070670)** മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി (ഒറിജിനൽ) സമർപ്പിക്കേണ്ടതാണ്. ഈ തുക തിരിച്ച് നൽകുന്നതല്ല.

നിരതദ്രവ്യം: (EMD)

നിരതദ്രവ്യമായി 12,500/-രൂപ EOI Technical Bid നോടൊപ്പം ഡയറക്ടർ ഓഫ് **ഫിസിക്കൽ പ്ലാന്റ്, ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, കേരള കാർഷിക സർവ്വകലാശാല, SBI വെള്ളാനിക്കര ബ്രാഞ്ചിൽ (A/c No- 37494505584, IFSC-SBIN0070670)** മാറാവുന്ന **ഡി.ഡി (ഒറിജിനൽ)** ആയി സമർപ്പിയ്ക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനം ഒരാഴ്ച്ക്കുള്ളിൽ കരാറിലേർപ്പെടുകയും പിന്നീടുള്ള ഒരാഴ്ച്ക്കുള്ളിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് & കരാറിൽ ഏർപെട്ട തുക (GST ഉൾപെടെ) അടക്കുകയും ചെയ്യാത്ത പക്ഷം KAU നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.

സെക്യൂരിറ്റി ഡിപ്പോസിറ്റ്:

EOI ലഭിക്കുന്ന കരാറുകാരൻ കരാർ തുകയുടെ 0.1% വിലയുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതും, കരാർ തുകയുടെ 5% സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി **ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്, ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, കേരള കാർഷിക സർവ്വകലാശാല** പേരിൽ ഒടുക്കേണ്ടതുമാണ്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കാർഷിക സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന നഷ്ടം അടച്ച സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും കണ്ടുകെട്ടുന്നതാണ് .

Mary Regina T

ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്,
കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര (പി.ഒ), തൃശൂർ- 680 656

## ANNEXURE I

Expression of Interest നുള്ള അപേക്ഷ

സ്വീകർത്താവ് :

ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്,
കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര, തൃശൂർ- 680 656

വിഷയം: പ്രാദേശിക കാർഷിക മേള – 2026 നോട് അനുബന്ധിച്ച് വിനോദ പരിപാടികൾ നടത്തുന്നതിനുള്ള EOI സമർപ്പിക്കുന്നത് സംബന്ധിച്ച്.

സർ,

.............................................................................................തീയതിയിൽ പ്രസിദ്ധപ്പെടുത്തിയ പ്രാദേശിക കാർഷിക മേള – 2026 നോട് അനുബന്ധിച്ച് വിനോദ പരിപാടികൾ നടത്തുന്നതിനുള്ള **Expression of Interest (EOI)** പ്രകാരം താൽപ്പര്യപത്രം സമർപ്പിക്കുന്നു. ഇതോടൊപ്പം ചുവടെ കാണിച്ച രേഖകളും, സീൽഡ് കവറിൽ സമർപ്പിക്കുക.

Annexure I ലുള്ള അപേക്ഷ

**Annexure II** ലുള്ള അപേക്ഷ (ബന്ധപ്പെട്ട രേഖകൾ സഹിതം)

വിശ്വസ്തതയോടെ

അപേക്ഷകന്റെ ഒപ്പ്

പൂർണ്ണ വിലാസം:

ഉള്ളടക്കം: മേൽ പ്രകാരം

## ANNEXURE II

| ക്രമ നം | വിവരണം | അപേക്ഷകൻ നല്കുന്ന വിവരങ്ങൾ |
|---|---|---|
| 1 | അപേക്ഷകരുടെ പൂർണ്ണ മേൽ വിലാസം | |
| 2 | ഫോൺ നമ്പർ | |
| 3 | ഇതുപോലുള്ള സമാന രീതിയിൽ ഏറ്റെടുത്ത് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | |
| 4 | ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ | |
| | | |

മേൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണെന്നും, സർവ്വകലാശാലയുടെ എല്ലാ നിയമാവലികളും പാലിച്ചുകൊള്ളാമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്:

അപേക്ഷകന്റെ പേര്:

പൂർണ്ണ മേൽ വിലാസം:

സ്ഥലം:

തീയതി:

ഉള്ളടക്കം:

1. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ജി.എസ്.ടി നമ്പർ സഹിതം)
2. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3. ഫോട്ടോ, തിരിച്ചറിയൽ കാർഡ്

## Annexure –III

1. EOI ലഭിക്കുന്ന സ്ഥാപനങ്ങൾ ചുവടെ കാണിച്ച രീതിയിലുള്ള ജോലികൾ സമയബന്ധിതമായി തീർക്കണം. അനുവദിക്കുന്ന സ്ഥലത്ത് വിവിധ അമ്യൂസ്മെന്റ് റൈഡുകൾ, കുട്ടികൾക്കുള്ള വിവിധ വിനോദോപാധികൾ എന്നിവയും സ്ഥാപിച്ച് നൽകേണ്ടതാണ്. സ്റ്റാളുകളിൽ നിരോധിത സാധനങ്ങൾ ഒഴികെ ഉള്ള ഭക്ഷ്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും വിനിയോഗിക്കാം. അനുവദിക്കുന്ന സ്ഥലത്ത് ഫുഡ്കോർട്ടുകളും, ഐസ്ക്രീം സ്റ്റാളുകൾ മുതലായവ പ്രവർത്തിപ്പിക്കേണ്ടതാണ്.

2. കാർഷിക മേള ദിവസങ്ങളിൽ കലാപരിപാടികൾ നടത്തേണ്ടതാണ്. പ്രവേശനടിക്കറ്റ് എടുത്തിട്ടുള്ള എല്ലാവർക്കും ഇത് സൗജന്യമായി വീക്ഷിക്കുന്നതിന് അവസരം നൽകേണ്ടതാണ്. എല്ലാ ദിവസങ്ങളിലും കലാപരിപാടികൾ നടത്തുന്നതിനായി 29075 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള ഗ്രൗണ്ട് ഉപയോഗിക്കാവുന്നതാണ്.

3. കാർഷിക മേള സ്റ്റേഡിയം മുഴുവനായി ശബ്ദവും, വെളിച്ചവും ഏർപ്പാടാക്കേണ്ടതാണ്.

4. എല്ലാ സ്ഥലങ്ങളിലും സെക്യൂരിറ്റി സംവിധാനം ഏർപ്പാടാക്കേണ്ടതാണ്. സുരക്ഷ ബാരിക്കേഡുകൾ ആവശ്യമുള്ള ഇടങ്ങളിൽ KAU സെക്യൂരിറ്റി ഓഫീസറുമായി ബന്ധപ്പെട്ട് ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

5. ടിക്കറ്റ് നിരക്ക് മുതിർന്നവർക്ക് ഒരാൾക്ക് പരാമവധി 50 രൂപയും (5 വയസ്സ് വരെ സൗജന്യം) ടിക്കറ്റ് വിതരണം ചെയ്യുന്നതിനായി ടിക്കറ്റ് കൗണ്ടറുകൾ സജ്ജീകരിക്കേണ്ടാതാണ്. പ്രവേശനം ഓൺലൈൻ മുഖാന്തിരം ഏർപ്പെടുത്താവുന്നതാണ്.

6. ഗ്രൗണ്ടിലെ പരിപാടികൾ ഹരിതചട്ട പ്രകാരം മാത്രമേ നടത്തുവാൻ പാടുള്ളൂ. അതാത് ദിവസങ്ങളിൽ തന്നെ ജൈവ അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. ഇതിനായി ശുചിത്വമിഷൻ, ഹരിതകർമ്മസേന എന്നിവരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

7. നിലവിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിസിടിവി ക്യാമറകൾക്ക് പുറമെ കാർഷിക മേള ഗ്രൗണ്ടിലെ എല്ലാ സ്ഥലങ്ങളിലും കരാറുകാരൻ സിസിടിവി കവറേജ് ഏർപ്പെടുത്തേണ്ടതാണ്.

8. മേള ഗ്രൗണ്ട് ഉൾപ്പെട്ട 29075 സ്ക്വയർ മീറ്റർ സ്ഥലവും വിവിധ റൈഡുകൾ ഉൾപ്പെട്ട എല്ലാ പരിപാടികൾക്കും,സന്ദർശകർക്ക്, അപകടങ്ങൾ സംഭവിക്കുന്നത് മൂലമോ മരണം മൂലമോ ഉണ്ടാകുന്ന കാരണങ്ങൾക്ക് നിയമപ്രകരമുള്ള ഇൻഷുറൻസ് പരിരക്ഷ കരാറുകാരൻ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ഉള്ള ഇൻഷുറൻസ് പരിരക്ഷയുടെ രേഖകൾ പ്രവർത്തി ഏറ്റെടുക്കുന്ന കരാറുകാരൻ എഗ്രിമെന്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്

9. മേള സന്ദർശിക്കുന്നവർക്ക് രണ്ടിടങ്ങളിലായി കുടിവെള്ളം നൽകുന്നതിനുള്ള സംവിധാനം KAU ഏർപ്പാടാക്കുന്നതാണ്. കൂടുതൽ സംവിധാനം ഏജൻസി ഏർപ്പാടാക്കേണ്ടതാണ്.

10. എല്ലാ പരിപാടികളുടെയും ഓഡിയോ-വീഡിയോ റെക്കോർഡിംഗുകൾ നടത്തേണ്ടതും, ഇതിന്റെ ഒരു പകർപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് കരാറുകാരൻ സ്വന്തം ചിലവിൽ സമർപ്പിക്കേണ്ടതുമാണ്.

11. മേളയുടെ പ്രചരണത്തിനായി മതിയായ പരസ്യം നൽകേണ്ടതും ഇതിനായി പ്രമോഷനൽ വീഡിയോ ഉൾപ്പെടെയുള്ളവ നിർമ്മിക്കേണ്ടതുമാണ്.

12. മേളയുടെ ഗ്രൗണ്ടിനും ചേർന്ന് കിടക്കുന്ന സ്ഥലത്തിനും രൂപമാറ്റം വരുത്തുവാൻ പാടില്ല.

13. കരാറുകാരൻ അവരുടെ ഒരു കൺട്രോൾ റൂം കാർഷിക സർവ്വകലാശാലയുടെ മെയിൻ ക്യാംപസിൽ ബന്ധപ്പെട്ട അധികൃതരുമായി ആലോചിച്ച് സ്ഥാപിക്കണ്ടതും, ചുമതലയുള്ള ജീവനക്കാരെ അവിടെ സദാസമയവും നിയോഗിക്കേണ്ടതുമാണ്.

14. ഫുഡ്സ്റ്റാളുകൾ നടത്തുന്നതിന്റേയും ലൈറ്റിംങ്ങിന്റേയും വിവിധ റൈഡുകൾ നടത്തുന്നതിനും ആവശ്യമായ നിയമാനുസൃതമായ അംഗീകാരങ്ങൾ (ലൈസൻസുകളും, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളും മുതലായവ) കരാറുകാരൻ അവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ നേടേണ്ടതാണ്. ഇപ്രകാരം ഉള്ള അംഗീകാരങ്ങൾ പരിപാടി തുടങ്ങുന്നതിന് മുൻപായി തന്നെ സംഘടിപ്പിക്കേണ്ടതും, തൻമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും നിയമപരമായ ബാധ്യതകൾക്കും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.

15. ആരോഗ്യ അത്യാഹിതങ്ങൾ നേരിടാനുള്ള എല്ലാവിധ സൗകര്യങ്ങളും ഒരുക്കേണ്ടതാണ്.

16. ഭക്ഷണ വിതരണം ബന്ധപ്പെട്ട സർക്കാർ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടാവണം.

17. കരാറുകാർ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും ആവശ്യമുള്ള വെള്ളം അവർ തന്നെ ഏർപ്പാടാക്കേണ്ടതാണ്.

18. കരാറുകാരൻ ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തികളുടെയും പരിശോധന നടത്തുന്നതിനുള്ള എല്ലാ അധികാരങ്ങളും കാർഷിക സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കും.

19. മേള കഴിഞ്ഞതിനുശേഷം കരാറുകാരൻ ചെയ്തിട്ടുള്ള എല്ലാ നിർമ്മാണങ്ങളും 5 ദിവസത്തിനുള്ളിൽ സ്ഥാപനത്തിന്റെ മറ്റ് സ്ഥാവര ജംഗമ വസ്തുക്കൾക്ക് കേടുപാടുകൾ വരാത്തവിധം നീക്കം ചെയ്യേണ്ടതാണ്.

20. മേള ഗ്രൗണ്ടിൽ ഏത് വസ്തുക്കളും (additional fittings) അധികമായിസ്ഥാപിക്കുന്നതിന് മുൻപ് **ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്**-ന്റെ അനുമതി ലഭ്യമാക്കേണ്ടതാണ് .

21. മേള നടത്തുന്ന ദിവസങ്ങളിൽ ഉണ്ടാവുന്ന ഏത് അറ്റകുറ്റപ്പണികളും കരാറുകാരൻ യഥാസമയം ചെയ്യേണ്ടതാണ്

22. കാർഷിക സർവ്വകലാശാല രൂപികരിച്ച സംഘാടക സമിതിക്ക് മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാപരിപാടികളും പരിശോധിക്കുന്നതിനും അനുയോജ്യമല്ലാത്തവ ഒഴിവാക്കുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കും . ഈ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുവാനും അടിയന്തിര സാഹചര്യത്തിൽ വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം മേൽ പറഞ്ഞ സംഘാടക സമിതിയിൽ നിക്ഷിപ്തമാണ്.

23. ഏറ്റെടുക്കുന്ന പരിപാടികൾ ഉന്നതഗുണനിലവാരവും, സുരക്ഷാക്രമീകരണങ്ങളും പാലിച്ചുകൊണ്ട് മാത്രമേ സംഘടിപ്പിക്കുവാൻ പാടുള്ളൂ.

24. വിവിധ റൈഡുകൾ സ്ഥാപിക്കുന്നതിന് മുൻപായി **ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്** മായി കൂടിയാലോചിക്കേണ്ടതാണ്.

25. പഞ്ചായത്തിൽ ഒടുക്കേണ്ട വിനോദനികുതി EOI ലഭിക്കുന്ന കരാറുകാരൻ (സർക്കാരുമായും ബന്ധപ്പെട്ട എല്ലാത്തരം നികുതി/ഫീസുകൾ) അടയ്ക്കേണ്ടതാണ്.

26. ടിക്കറ്റ് നിരക്കിൽ ജി.എസ്.ടി. ഉൾപ്പെടുന്നതാണോ അല്ലയോ എന്നത് വ്യക്തമാക്കേണ്ടതാണ്.


27. ജി.എസ്.ടി.യും മറ്റു ബാധകമായ നികുതികളും ഫീസുകളും ബന്ധപ്പെട്ട വകുപ്പുകളിൽ കരാറുകാരൻ തന്നെ അടയ്ക്കേണ്ടതാണെന്നും, അതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കണം.

28. ഓരോ ദിവസത്തെയും സന്ദർശകരുടെ എണ്ണം ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, അറിയിക്കേണ്ടതാണ്.

29. കരാറുകാർക്ക് EoI സംബന്ധിച്ച സംശയനിവാരണത്തിനായി ബന്ധപ്പെടേണ്ടത് ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, കേരള കാർഷിക സർവ്വകലാശാല, മെയിൻ ക്യാമ്പസ് വെള്ളാനിക്കര

30. പൂർണ്ണമല്ലാത്തതോ നിർദേശിച്ച ക്രമപ്രകാരമല്ലാതെ സമർപ്പിച്ചതോ ആയ EoI-കൾ നിരസിക്കുന്നതാണ്.

## Annexure IV




All dimensions are in centimeter
□ Hi-mast or mini-mast light
○ Tree

SITE PLAN